# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1599

21-1-2014-ൽ മറുപടിക്ക്

### നഗരപരിധിക്കുളളിലെ തെരുവ് നായ്ക്കളുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കോർപ്പറേഷൻ-മുനിസിപ്പൽ നഗര പരിധികളിൽ തെരുവ് നായ്ക്കളുടെ ശല്യം ജനങ്ങളുടെ ജീവനുതന്നെ ഭീഷണിയാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (ബി) തെരുവ് നായ്ക്കളെ വേദനയുണ്ടാക്കാത്തവിധം പിടിച്ച് ABC(Animal Birth Control) പ്രോഗ്രാമിന് വിധേയമാക്കുന്നതിന് നഗരസഭകളിൽ സംവിധാനമുണ്ട്. എബിസി പ്രോഗ്രാം എല്ലാ നഗരസഭകളിലും ഫലപ്രദമായി നടത്തുന്നതിന് AWBI (Animal Welfare Board of India) -ൽ നിന്ന് 50 ശതമാനം ധനസഹായം ലഭിക്കുന്ന പദ്ധതിക്ക് MOU(Memorandum of Understanding) ഒപ്പുവെക്കുന്നതിന് എല്ലാ നഗരസഭകൾക്കും അനുമതി നല്കിയിട്ടുണ്ട്. കൂടാതെ നിലവിൽ തെരുവുനായ്ക്കളെ നിർമ്മാർജ്ജനം ചെയ്തുവന്നിരുന്ന രീതി നിലച്ചു പോയത് സുപ്രീം കോടതിയിലുളള |

SLP 691/09 നമ്പർ കേസും ജന്തുസംരക്ഷണ നിയമവും മൂലമാണെന്നത് കണക്കിലെടുത്ത് ഈ കേസിൽ കക്ഷി ചേരാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തെരുവുനായ്ക്കളുടെ ശല്യം നാടുമുഴുവൻ ഭീതി പരത്തി ക്രമാതീതമായി വളർന്നതിനാൽ തെരുവുനായ്ക്കളുടെ ആക്രമണ ത്തെക്കുറിച്ച് ദിനം പ്രതി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വനപ്രദേശത്തോടു ചേർന്ന് ഒറ്റപ്പെട്ട വിശാലമായ സ്ഥലം കണ്ടെത്തി തെരുവുനായ്ക്കളെ പിടികൂടി പ്രസ്തുത സ്ഥല ത്തൊരുക്കുന്ന കെന്നൽ ക്ലബ്ബുകളിൽ എത്തിച്ച് അവയെ വന്ധ്യംകരണം നടത്തി ഭക്ഷണം നൽകി പരിപാലിച്ച് തെരുവു നായ്ക്കളുടെ എണ്ണം പരാമാവധി ക്രമേണ കുറച്ചുകൊണ്ടു വരുന്നതോടൊപ്പം പേ വിഷബാധ യുള്ളവയെയും മാരക രോഗങ്ങൾ ബാധിച്ചവയേയും പരിശോധിച്ച് മതിയായ സർട്ടിഫിക്കേഷനോടെ ദയാവധം നടത്തുന്നതിനും ഉള്ള അടിയന്തിര നടപടികളും സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

സെക്ഷൻ ഓഫീസർ